**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 670** **09-08-2023 - ൽ മറുപടിയ്ക്ക്**

**സ്കിൽ ഡെവലപ്മെന്റ് സൊസൈറ്റികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പുതിയ സംരംഭകർക്കായി മണലൂർ മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും സ്കിൽ ഡെവലപ്മെന്റ് സൊസൈറ്റികൾ രൂപീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | മണലൂർ നിയോജക മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും സ്കിൽ ഡെവലപ്മെന്റ് സൊസൈറ്റികൾ രൂപീകരിച്ചിട്ടിണ്ട്. |
| (ബി) | ഇത്തരം സൊസൈറ്റികൾക്ക് ഗ്രാന്റ് അനുവദിക്കാറുണ്ടോ എന്നും ഉണ്ടെങ്കിൽ അതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും അറിയിക്കാമോ; | (ബി) | ഗ്രാന്റ് അനുവദിക്കാറുണ്ട്. മാനദണ്ഡങ്ങളിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു.<br><br>1.2019-20 സാമ്പത്തിക വർഷത്തിലോ അതിനുശേഷമോ രജിസ്റ്റർ ചെയ്ത സംഘങ്ങൾ.<br><br>2.കുറഞ്ഞത് 50 അംഗങ്ങൾ ഉണ്ടാകണം.<br><br>3.25 -ൽ കുറയാത്ത അംഗങ്ങൾ വിദഗ്ധ തൊഴിലാളികൾ ആയിരിക്കണം.<br><br>4.ബാക്കി 25 അംഗങ്ങൾ അർദ്ധ വിദഗ്ധ /അവിദഗ്ദ്ധ തൊഴിലാളികൾ ആയിരിക്കണം.<br><br>5.തിരഞ്ഞെടുക്കപ്പെട്ട ഭരണ സമിതിയും, ശമ്പളം കൈപ്പറ്റുന്ന സെക്രട്ടറിയും ഉണ്ടായിരിക്കണം.<br><br>6.രൂപികരിച്ച ആറുമാസം തികയാത്ത സംഘങ്ങൾക്കു ധനസഹായത്തിന് അപേക്ഷിക്കുവാൻ കഴിയുന്നതല്ല.<br><br>7.അപേക്ഷിക്കുന്നതിനു തൊട്ടുമുൻപുള്ള മൂന്ന് മാസങ്ങളിൽ ഓരോ അംഗത്തിനും കുറഞ്ഞത് 5 ശരാശരി തൊഴിൽ ദിനങ്ങൾ നൽകിയിരിക്കണം.<br><br>8.രജിസ്ട്രാർ നിർദേശിച്ചത് പ്രകാരമുള്ള രേഖകൾ കൃത്യമായി സൂക്ഷിക്കുന്ന സംഘങ്ങൾക്കു മാത്രമേ ധന സഹായത്തിനു അർഹതയുണ്ടായിരിക്കുകയുള്ളൂ.<br><br>9. പരമാവധി ആനുകൂല്യമായ 2 ലക്ഷം രൂപക്ക്അ ർഹത നേടുന്നതിന് 100 സജീവ അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. |

| | | | |
|---|---|---|---|
| (സി) | മണലൂർ മണ്ഡലത്തിൽ ഏതെല്ലാം സ്കിൽ ഡെവലപ്മെന്റ് സൊസൈറ്റികൾക്ക് ഗ്രാന്റ് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ എന്തെല്ലാം? | (സി) | മണലൂർ മണ്ഡലത്തിൽ ഒരു സ്കിൽ ഡെവലപ്മെന്റ് സൊസൈറ്റിക്കും ഗ്രാന്റ് അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ